ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല വിതരണത്തിനുള്ള പഴകിയ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കണമെന്ന ശുപാർശ ആവശ്യമായ നടപടികൾക്കായി ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തൃത്തുക്കുടിയിൽ നിന്നും മത്സ്യം കൊണ്ടുവരുന്നത് താല്ക്കാലികമായി നിറുത്തലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരാതി ഒന്നും ലഭിച്ചതായി കാണുന്നില്ല. ചികിത്സാ സൗകര്യവും മരുന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിൽ നിന്നും ധനസഹായം നൽകുന്നതിന് പദ്ധതി ഒന്നും നിലവിലില്ല.

കായംകുളം ഗവണ്മെന്റ് ആശുപത്രിയിൽ നിർമ്മിക്കുന്ന പുതിയ ബ്ലോക്ക്

148(890)ശ്രീ.ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ഗവണ്മെന്റ് ആശുപത്രിയിൽ നിർമ്മിക്കുന്ന നൂറ് കിടക്കകളുള്ള പുതിയ ബ്ലോക്കിന് ഇതുവരെ ചെലവഴിച്ച തുക എത്രയാണ്;

(ബി) ഇതിനായി ഓരോ ബഡ്ജറ്റ് വർഷവും വകകൊള്ളിച്ചിട്ടുള്ള തുകയുടെ വിശദവിവരവും അതാത് വർഷത്തെ ചെലവും വ്യക്തമാക്കുമോ;

(സി) നാളിതുവരെ ഇതിനായി സർക്കാർ അനുവദിച്ച തുകകളിൽ ചെലവഴിക്കാതെ പാഴായിപ്പോയ തുക എത്ര;

(ഡി) ഈ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഇതിന്റെ നിർമ്മാണ ചുമതല സർക്കാർ ഏറ്റെടുക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) 1995-96-ൽ 7,46,383 രൂപയും,
1996-97-ൽ 11,04,004 രൂപയും,
1997-98-ൽ 12,31,359 രൂപയും,
1998-99-ൽ 11,73,610 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി)&(സി) കരാറുകാരൻ നടത്തുന്ന പ്രവൃത്തിക്ക് അനുപാതമായിട്ടാണ് തുക അനുവദിച്ചു നൽകുന്നത്. ബഡ്ജറ്റ് വിഹിതവും, ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

വർഷം	ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക	ചെലവാക്കിയ തുക
1995-96	8,00,000	7,46,383
1996-97	11,00,000	11,04,004
1997-98	12,40,000	12,31,359
1998-99	20,00,000	11,73,610

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കായംകുളം സർക്കാർ ആശുപത്രിയുടെ ഭരണചുമതല കായംകുളം മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഇത്തരം സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാരിന് ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയില്ല.

ചീമേനിയിലെ തുറന്ന ജയിലിനോടനുബന്ധിച്ച് ആശുപത്രി

149(891)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ പ്രവർത്തനം ആരംഭിക്കുന്ന തുറന്ന ജയിലിനോടനുബന്ധിച്ച് ഒരു ആശുപത്രി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

ഇത്തരമൊരു ആവശ്യം ജയിൽ അധികൃതരിൽ നിന്നും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റോറിൽ നിന്ന് സാധനങ്ങൾ കാണാതായ സംഭവം

150(892)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റോറിൽ നിന്ന് എത്ര തവണ സാധനങ്ങൾ കാണാതായിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ നിന്ന് എന്തെല്ലാം സാധനങ്ങളാണ് കാണാതായതെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റോറിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ ബന്ധപ്പെട്ട അധികാരികൾ എത്ര തവണ ഈ കാലയളവിൽ സ്റ്റോക്ക് പരിശോധന നടത്തിയെന്ന് വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) രണ്ടു തവണ.

(ബി) 1. മുറിവ് തയ്ക്കാനുള്ള നൂല്.

2. പെത്തിഡിൻ ഇൻജക്ഷൻ

3. എക്സ്റേ ഫിലിമുകൾ

(സി) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എത്ര തവണ സ്റ്റോക്ക് പരിശോധന നടത്തിയെന്നുള്ളതിന്റെ വിവരം ഉടൻ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly